Draft #71 of File 17152/ADA1 SO/2020/AD A1 Approved by ASSISTANT REGISTRAR I (ADMIN) on 22-Dec-2021 12:07 PM - Page 1

15 YEARS OF CELEBRATING THE MAHATMA

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

നമ്പർ. 17152/ADA1 SO/2020/എ ഡി എ 1 തീയതി: 22.12.2021

## സർക്കുലർ

വിഷയം:- ഭരണകാര്യം: കോവിഡ് 19 നിർവ്യാപനം - സർവ്വകലാശാലയിലെ ജീവനക്കാരുടെ ക്വാറന്റൈൻ കാലത്തെ സ്പെഷ്യൽ കാഷ്വൽ ലീവ് അനുവദിച്ചുകൊണ്ടുള്ള പരിപത്രം ഭേദഗതി വരുത്തി ഉത്തരവാകുന്നത് - സംബന്ധിച്ച്.

സൂചന :- 1. കേരള സംസ്ഥാന ദുരന്ത നിവാരണ (എ) വകുപ്പിൻറെ 15.09.2021 തീയതിയിലെ സ.ഉ.(സാധാ ) നം. 634/2021/DMD നമ്പർ ഉത്തരവ്.

2. 25.09.2021 തീയതിയിലെ 17152/ADA1 SO/2020/എഡി എ 1 നമ്പർ സർവ്വകലാശാല പരിപത്രം.

3. കേരള സംസ്ഥാന ദുരന്ത നിവാരണ (എ) വകുപ്പിൻറെ 28.09.2021തീയതിയിലെ സ.ഉ.(സാധാ ) നം. 662/2021/DMD നമ്പർ ഉത്തരവ്.

കോവിഡ് നിർവ്യാപന പ്രവർത്തനങ്ങളുടെ ഭാഗമായി, സംസ്ഥാനത്തെ സർക്കാർ, അർദ്ധ സർക്കാർ, പൊതുമേഖല, സ്വയംഭരണ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ ക്വാറന്റൈൻ കാലയളവിലെ പ്രത്യേക ആകസ്മിക അവധി സംബന്ധിച്ച് മുൻകാലങ്ങളിലെ സർക്കാർ ഉത്തരവുകളിലെ വ്യവസ്ഥകൾ പരിഷ്കരിച്ചുകൊണ്ട് സൂചന (1) പ്രകാരം സർക്കാർ ഉത്തരവായതിൻറെ അടിസ്ഥാനത്തിൽ, സൂചന (2) പ്രകാരം സർവകലാശാലാ പരിപത്രം പുറപ്പെടുവിച്ചിരുന്നു. എന്നാൽ, പ്രസ്തുത സർക്കാർ ഉത്തരവിൽ ഭേദഗതി വരുത്തിക്കൊണ്ട് സൂചന (3) പ്രകാരം സർക്കാർ പുറപ്പെടുവിച്ചിരിക്കുന്ന ഉത്തരവിന്റെ അടിസ്ഥാനത്തിൽ, സൂചന (2) പരിപത്രത്തിൽ താഴെ പറയും വിധം വൈസ് ചാൻസലറുടെ അംഗീകാരത്തോടുകൂടി ഭേദഗതി വരുത്തിക്കൊള്ളുന്നു.

- കോവിഡ് പോസിറ്റീവ് ആയ/പ്രാഥമിക സമ്പർക്ക പട്ടികയിലുള്ള ജീവനക്കാർ ക്വാറന്റൈൻ ഉപദേശിക്കപ്പെട്ട് 7 ദിവസം കഴിഞ്ഞ് ലക്ഷണങ്ങൾ ഉണ്ടെങ്കിൽ മാത്രം ടെസ്റ്റ് ചെയ്യേണ്ടതും, ലക്ഷണങ്ങൾ ഇല്ലാത്ത ജീവനക്കാർക്ക് കോവിഡ് ടെസ്റ്റിന് വിധേയമാകാതെ ഓഫീസിൽ ഹാജരാകാവുന്നതുമാണ്. എന്നാൽ, ഏതെങ്കിലും ഗുരുതര രോഗങ്ങൾ / ജീവിത ശൈലി രോഗങ്ങൾ എന്നിവ ഉള്ളവർ 7 ദിവസത്തിന് ശേഷം രോഗലക്ഷണങ്ങൾ ഇല്ലെങ്കിലും RTPCR ടെസ്റ്റ് ചെയ്യേണ്ടതും നെഗറ്റീവ് ആണെങ്കിൽ ഓഫീസിൽ ഹാജരാവുകയും പോസിറ്റീവ് ആണെങ്കിൽ ചികിത്സ തേടുകയും ചെയ്യേണ്ടതാണ്.

സൂചന (2) പരിപത്രം മേൽ ഭേദഗതിയോടെ നിലനിൽക്കുന്നതാണ്.

ഒപ്പ്

**രമേഷ് ആർ**

അസിസ്റ്റന്റ് രജിസ്ട്രാർ 1 (ഭരണ വിഭാഗം)

സ്വീകർത്താവ്

1. സെക്ഷനുകൾ/ സർവ്വകലാശാല പഠനവിഭാഗങ്ങൾ
2. വൈസ് ചാൻസലർ/ പ്രോ വൈസ് ചാൻസലർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
3. രജിസ്ട്രാർ/ ഫിനാൻസ് ഓഫീസർ/ പരീക്ഷാ കൺട്രോളർ എന്നിവരുടെ പി.എമാർ
4. എ.ആർ./ ഡി.ആർ./ ജെ.ആർ. (ഭരണം/അക്കാദമികം/ ധനകാര്യം/ പരീക്ഷാ)
5. പി.ആർ.ഒ./ സെക്യൂരിറ്റി ഓഫീസർ/എസ്റ്റേറ്റ് ഓഫീസർ/ കണ്ടെൻറ് മാനേജ്മെൻറ് സെക്ഷൻ
6. റെക്കോർഡ്സ്/ സ്റ്റോക്ക് ഫയൽ/ ഡേ ഫയൽ/ ഫയൽ കോപ്പി

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

Draft #71 of File 17152/ADA1 SO/2020/AD A1 Approved by ASSISTANT REGISTRAR I (ADMIN) on 22-Dec-2021 12:07 PM - Page 2